**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **23-08-2022 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നോർക്ക സാന്ത്വനം പദ്ധതി വഴി എത്രപേർക്ക് ഇരട്ടി തുക അനുവദിച്ചെന്ന് വിശദമാക്കുമോ ; ഈ തുക തിരിച്ചുപിടിക്കാൻ നടപടിയെടുക്കുമോ ;വ്യക്തമാക്കുമോ; | (എ) | **നോർക്ക സാന്ത്വനം പദ്ധതി മുഖേന 11 ഗുണഭോക്താക്കൾക്കാണ് തുക ഇരട്ടിയായി അനുവദിച്ചത്. തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും, 3 പേർ മുഴുവനായും ഒരാൾ ഭാഗികമായും ഇതിനകം തുക തിരികെ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഇരട്ടി തുക അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ ; ദിവസവേതനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ സാന്ത്വനം പദ്ധതി കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | ഇരട്ടി തുക അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഓഫീസ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും അന്വേഷണം നടത്തുകയുമുണ്ടായി. തുടർന്ന് ബന്ധപ്പെട്ട ജീവനക്കാരുടെ വിശദീകരണം തേടുകയും അവരെ പ്രസ്തുത സെക്ഷന്റെ പ്രവർത്തനങ്ങളിൽ നിന്നും മാറ്റി നിയമിക്കുകയും ചെയ്തു. ദിവസവേതനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ ആരും തന്നെ സാന്ത്വനം പദ്ധതി കൈകാര്യം ചെയ്യുന്നില്ല. |
| (സി) | പ്രവാസി ഐ.ഡി കാർഡ് നൽകുന്നതിനായി ശേഖരിച്ച പണം തട്ടിയ ജീവനക്കാർക്കെതിരെ കർശന നടപടിക്ക് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ശുപാർശ ചെയ്തിരുന്നോ ; വിശദമാക്കുമോ ; | (സി) | ശിപാർശ ലഭിച്ചിട്ടില്ല. |
| (ഡി) | ബഹു. സുപ്രീംകോടതി (18718/2012), കേരള ഹൈക്കോടതി (WPC 10622/2012 ) ഉത്തരവുകൾക്കു വിരുദ്ധമായി 18-10-2017ലെ സർക്കാർ ഉത്തരവ് 612/2017/നോർക്ക പ്രകാരം മുൻകാല പ്രാബല്യത്തോടെ നോർക്ക റൂട്സിൽ സ്ഥിരപ്പെടുത്തൽ നടത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ? | (ഡി) | 24/02/2011 -ലെ സ.ഉ(എം.എസ്) നം.1/2011/ നോർക്ക പ്രകാരം നോർക്ക റൂട്ടസ് -ൽ 21 തസ്തികകൾ സൃഷ്ടിക്കുകയും 2 വർഷത്തിൽ കൂടുതൽ കോൺട്രാക്ട്/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 16 ജീവനക്കാരെ പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്ന നിയമനങ്ങൾ സർക്കാർ പുനഃപരിശോധിക്കുകയും 21/04/2012 തീയതിയിലെ സ.ഉ(എം.എസ്) നം.05/2012/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥിര നിയമനം റദ്ദാക്കി അവരുടെ സേവന |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ പഴയ രീതിയിൽ കരാറടിസ്ഥാനത്തിലാക്കുകയും ചെയ്തു.<br><br>18/10/2017 -ലെ സ.ഉ(സാധാ)നം. 612/2017/ നോർക്ക പ്രകാരം 21/4/2012 -ലെ സ.ഉ(എം.എസ്) നം.05/2012/നോർക്ക ഉത്തരവ് റദ്ദാക്കുവാനും, 24/02/2011 -ലെ സ.ഉ(എം.എസ്)നം.1/2011/ നോർക്ക ഉത്തരവിന് പ്രാബല്യം നൽകുവാനുമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ